# Three loaves of bread (മൂന്നപ്പം)

“പൈതങ്ങളും ശിശുക്കളും നഗരവീഥികളിൽ തളർന്ന് കിടക്കുന്നു” “ആഹാരവും വീഞ്ഞും എവിടെ” (വിലാപങ്ങൾ (2;11,12) “നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്ക് കൈ മലർത്തുക” (വിലാ:2:19) ആരാണ് ആ വ്യക്തി അഥവാ സഹായം നൽകുന്ന സ്നേഹിതൻ? സദൃ:(17:17)ൽ പറയുന്നത് ശ്രദ്ധിക്കുക “സ്നേഹിതൻ എല്ലാകാലത്തും സ്നേഹിക്കുന്നു, അനർത്ഥകാലത്ത് അവൻ സഹോദരനായിത്തീരുന്നു.”

സ്വയ ചിന്തയുള്ളവരാണ് മനുഷ്യരിൽ പലരും. ചിലർ മറ്റുള്ളവരെ ഓർക്കുമ്പോഴും സ്വയത്തിന് മുൻതൂക്കം നൽകുന്നു. ഇത് മനുഷ്യസ്വഭാവമാണ്. എന്നാൽ നാം ചെയ്യേണ്ട ഒരു കാര്യം ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നതാണ്, വിലാപങ്ങളിൽ നിന്നും മനസ്സിലാക്കിയത്. ഈ പ്രവർത്തി അഥവാ അവങ്കലേക്ക് (കൈമലർത്തുക)സഹായത്തിനായി ചെല്ലുന്നതിനെപ്പറ്റി യേശു പറഞ്ഞ ഉപമ ശ്രദ്ധിച്ചു നോക്കുക.

Read ലൂക്കോസ് (11:5-8)

അർദ്ധരാത്രിയിൽ വന്ന് ലജ്ജകൂടാതെ മുട്ടിയവന് അയാളുടെ സ്നേഹിതനാവശ്യമായ അപ്പം നൽകുവാനുള്ള കാരണങ്ങൾ വീട്ടുടയവൻ വ്യക്തമാക്കുന്നു.

(1) അവൻ എന്റെ സ്നേഹിതനാണ്

(2) കതകു തുറന്ന് ലഭിക്കും വരെ മുട്ടിക്കൊണ്ടിരുന്നു.

അനർത്ഥ കാലത്ത് ഒരു നല്ല സഹോദരനെപ്പോലെ പ്രവർത്തിക്കുന്നവനാണ് യഥാർത്ഥ സ്നേഹിതൻ. ആപത്തിൽ അഥവാ നിന്റെ ആവശ്യത്തിൽ സഹായിക്കാത്തവൻ സ്നേഹിതനല്ല. ഈ സ്നേഹം പലപ്പോഴും ഉലകത്തിൽ കാണുന്നില്ല, ഉയരത്തിൽ കാണുന്നുണ്ട്. യേശുവിനെപ്പോലെ ഒരു സ്നേഹിതൻ വേറെ ഇല്ല. ഈ സ്നേഹിതനോട് നമുക്കും ലജ്ജയില്ലാതെ ചോദിയ്ക്കാം. ആത്മീയ ഭക്ഷണം ലഭി

ക്കാതെ നമ്മുടെ സഹോദരങ്ങൾക്ക് ജീവിതം നഷ്ടമാകാതെ അവർക്കാവശ്യമുള്ള ആ ‘‘മൂന്നപ്പം’’ വാങ്ങിക്കൊടുപ്പാൻ ആ സ്നേഹിതന്റെ വാതിൽക്കൽ ലജ്ജകൂടാതെ നമുക്ക് മുട്ടിവിളിയ്ക്കാം.

ചോദിച്ചത് ‘‘മൂന്നപ്പം’’ മൂന്ന് എന്ന അക്കത്തിന് അഥവാ മൂന്ന് എന്ന സംഖ്യയുടെ പ്രത്യേകത എന്താണ്. ത്രിമാനം എന്നത് പ്രകൃതിയിലെ സസ്യങ്ങൾക്കും വസ്തുക്കൾക്കുമുണ്ട്. അതായത് (വേര്,തണ്ട്, ഇല), (നീളം, വീതി,ഉയരം) ഇതുപോലെ മനുഷ്യനും ദേഹം, ദേഹി,ആത്മാവ് എന്ന മൂന്ന് അവസ്ഥകളുണ്ട്.

സ്വർഗ്ഗത്തിലും സാക്ഷി പറയുന്ന മൂവർ ഉണ്ട് എന്ന് (1യോഹ:(5:8)ൽ കാണുന്നു. - ആത്മാവ്,ജലം,രക്തം.

വായ്പ ചോദിച്ചത് ‘മൂന്നപ്പം’ ആകയാൽ അവ ഏതെല്ലാമെന്ന് നമുക്ക് ചിന്തിയ്ക്കാം

**(1) ജീവന്റെ അപ്പം (യോഹ:6:35)**

ആദിയിൽ **വചനം ഉണ്ടായിരുന്നു**, വചനം ദൈവത്തോടുകൂടെ ആയിരുന്നു. **വചനം ദൈവം ആയിരുന്നു.** അവനിൽ **ജീവനുണ്ടായിരുന്നു.** (യോഹ:1:1-4)അതായത് വചനം ജീവനുള്ളതാകുന്നു അഥവാ ജീവൻ നൽകുന്നതാകുന്നു.

ആവ:(8:3)ൽ ദൈവവചനം പറയുന്നു. ‘‘മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്ന് പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു.’’ ‘‘ **ഞാൻ ജീവന്റെ അപ്പമാകുന്നു** എന്ന് യേശു വ്യക്തമാക്കുന്നു. ജീവൻ നിലനിർത്തണമെങ്കിൽദൈവവചനമാകുന്ന ജീവൻ നൽകുന്ന അപ്പം നാം ഭക്ഷിച്ചേ മതിയാകൂ. ഈ ജീവൻ താൽക്കാലികമല്ല നിത്യമാണ്. വിവിധ മാധ്യമങ്ങൾ, അനേക വ്യക്തികൾ പല സ്ഥലത്തും എല്ലാ സമയത്തും ഈ ഭക്ഷണം ഒരുക്കി വിളിക്കുന്നു. ആർക്കും ഈ ഭക്ഷണം ഇന്ന് സ്വീകരിപ്പാൻ സമയമില്ല, സൗജന്യമാകയാൽ ഒട്ടും താത്പര്യവുമില്ല. ചിലർ ആവശ്യമുള്ളതുപോലെ വരും, സ്വീകരിക്കുന്നില്ല, ചിലർ സ്വീകരിക്കും

പക്ഷേ പ്രയോജനമില്ല. എന്നാൽ ചിലർ നൂറുമേനി ഫലം യജമാനന് നൽകുന്നു. നാം എങ്ങനെയുള്ളവർ, ഫലമുള്ളവരോ , ഫലമില്ലാത്തവരോ ?

ജീവന്റെ അപ്പം എന്ന പേർ എങ്ങനെ ലഭിച്ചു ? യോഹന്നാൻ (6:31-35)വരെയുള്ള വാക്യങ്ങൾ ശ്രദ്ധിയ്ക്കാം, മരുഭൂമിയിൽ പിതാക്കൻമാർക്കുള്ള മന്ന നൽകിയത് മോശയല്ല, അവർക്കുള്ള അപ്പം നൽകിയത് പിതാവാണ്. " ദൈവത്തിന്റെ അപ്പമോ, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ലോകത്തിന് ജീവൻ കൊടുക്കുന്നതാകുന്നു." തുടർന്ന് തന്റെ അടുക്കൽ വരുന്നവർക്ക് വിശക്കുകയും ദാഹിക്കുകയും ഇല്ല എന്നും, താൻ ജീവന്റെ അപ്പമെന്നും യേശു വ്യക്തമാക്കുന്നു.

ഇന്ന് ആത്മാവിനുള്ള ഈ ഭക്ഷണം ലഭിക്കാതെ അനേകർ ജീവൻ നഷ്ടമാക്കുന്നു, നമ്മുടെ പാപത്തെ തന്റെ പുത്രന്റെ മേൽ ചുമുത്തി അവനെ പാപയാഗമാക്കിയത് ഈ ജീവന്റെ അപ്പം നാം ഭക്ഷിച്ച് ആത്മീയ ജീവൻ പ്രാപ്യമാക്കുവാനാണ്. ഈ ജീവന്റെ അപ്പം ഭക്ഷിച്ച് ശക്തി പ്രാപിച്ച് അനേകരെ ജീവനിലേക്ക് നയിക്കുന്നവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**(2) മക്കളുടെ അപ്പം (മത്താ:15:26)**

ജീവന്റെ അപ്പം ആത്മാവിനുള്ളതാണെങ്കിൽ മക്കളുടെ അപ്പം ശരീരത്തിനുള്ളതാണ്. മക്കളുടെ അപ്പം ദൈവീക പോഷകത്താൽ നിറയപ്പെട്ടതാണ്. ശരീരത്തിനു വേണ്ട ആരോഗ്യവും , ഭൗമീകനന്മകളും ഇതിനാൽ ലഭ്യമാകുന്നു. ആരാണ് മക്കൾ? അവനെകൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്നവരാണ് 'മക്കൾ' എന്ന് യോഹ:(1:12)ൽ പറയുന്നു. മക്കൾ അവകാശികളുമാണ്. അതിനാൽഈ അപ്പത്തിന് അവകാശികൾ മക്കളാണ്. മക്കൾ അപ്പനോട് ചേർന്നു നിൽക്കുന്നതിനാൽ ഇത് പ്രാപിക്കുന്നു. എന്നാൽ അകന്നു നിൽക്കുന്നത് നായ്ക്കുട്ടികളാണ്. (യഹൂദനല്ലാത്ത ജാതീയൻ), അപ്രകാരമുള്ളവർക്ക് നായ്ക്കുട്ടികൾക്കുള്ളതേ ലഭിക്കുകയുള്ളൂ. താൻ ആരെ സമീപിച്ചോ ആ യജമാനൻ തരുന്ന നുറുക്ക് ജീവൻ നൽകും എന്നുള്ള ദൃഢ പ്രഖ്യാപനത്തിൽ അവളുടെ ദൃഢവിശ്വാസമാണ് യേശു കണ്ടത്. ആ വിശ്വാസമാണ്

യേശു ഒപ്പിട്ട തുക എഴുതാത്ത ഒരു ചെക്ക് അവൾക്ക് ലഭിപ്പാനിടയായത്. "നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടെ" വിശ്വാസത്തോടെ ചോദിക്കുന്നത് എങ്ങനെ? ലൂക്കോ(11:9)

<u>A</u>sk - (യാചിപ്പിൻ)- It shall be given to you

<u>S</u>eek - (അന്വേഷിപ്പിൻ) You will find out

<u>k</u>nock- (മുട്ടുവിൻ) the door will be opened to you

അകന്ന് അപ്പനിൽ നിന്ന് ദൂരെപോയ ഇളയ മകന് മക്കളുടെ അപ്പം നഷ്ട മായി. നായ്ക്കുട്ടികളുടെ ഭക്ഷണം പോലും കിട്ടാതായി, ജീവൻ നഷ്ടമാകും എന്ന് വന്നപ്പോൾ അവൻ മടങ്ങി വന്നു. മടങ്ങി വന്ന മകന് അപ്പൻ അഞ്ച് കാര്യങ്ങൾ നൽകി.

(1) പുതിയ അങ്കി (അത് മേൽത്തരമായതാണ്)

(2) മോതിരം (പുതിയ ഉടമ്പടി)

(3) കാലിന് ചെരുപ്പ് - (അശുദ്ധിയുള്ള പഴയ ജീവിതം ഉപേക്ഷിച്ച് പുതിയ വഴിയി ലൂടെ യാത്രയ്ക്കായുള്ള പുതിയ ചെരുപ്പ്)

(4) തടിപ്പിച്ച കാളക്കുട്ടി (മൃഷ്ടാന്ന ഭോജനം)

(5) വാദ്യവും നൃത്തഘോഷവും (ആത്മീയ ആനന്ദം)

ഇതത്രെ കൃപ, ഈ അഞ്ചും ചേരുന്നതാണ് മക്കൾക്കവകാശമാകേണ്ട അപ്പം. ഈ അപ്പം സ്വീകരിക്കാതെ അകന്നുപോയവർ മടങ്ങിവന്ന് പാപം ഏറ്റുപറഞ്ഞു കഴിയുമ്പോൾ നമ്മുടെ സ്വർഗ്ഗീയ പിതാവ് പാപത്തെ ക്ഷമിച്ച് തന്റെ മക്കൾക്കവകാശ മായ അപ്പം നമുക്കു തരും. വഴിത്തലയ്ക്കൽ, ഭവനത്തിൽ നശിച്ചുപോകുന്നവരെ പ്പറ്റി ഭാരമുള്ളവരാകുക. അവർക്കായി അവങ്കലേക്ക് കൈമലർത്തുക, മറക്കരുത്.

**<u>(3) ആത്മാവിന്റെ അപ്പം (ലൂക്കോ 11:13)</u>**

ഭൗമീകപിതാവിനോട് മക്കൾ എന്ത് ആവശ്യപ്പെട്ടാലും അത് നൽകുവാൻ പിതാവ് തയാറാകുന്നു. പ്രത്യേകിച്ച് ഇന്ന് മക്കൾ ചോദിക്കുന്നതിലും അധികം

നൽകുവാൻ ഭൗമീക പിതാവ് തയാറാകുന്നു. ഇങ്ങനെയുള്ളവരോട് യേശു ചോദിക്കുന്നു പരിശുദ്ധാത്മാവിനെ നിങ്ങൾ സ്വർഗ്ഗീയ പിതാവിനോട് ചോദിച്ചാൽ എത്ര അധികമായി തരും എന്ന്. **“യാചിപ്പീൻ എന്നാൽ നിങ്ങൾക്ക് കിട്ടും”** അതായത് പരിശുദ്ധാത്മാവിനെ അധികമായി തരും പക്ഷേ അത് യാചിക്കുന്നവർക്കേ ലഭിക്കുകയുള്ളൂ. . കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണ് ശിഷ്യൻമാർ. മുട്ടോളവുമല്ല, അരയോളവുമല്ല ആ പരിശുദ്ധാത്മനദിയിൽ നീന്തി സന്തോഷിപ്പാൻ ദൈവം നമ്മെ അനുവദിക്കും. എപ്പോൾ? നാം യാചിച്ചാൽ അഥവാ ചോദിച്ചാൽ മാത്രം.

രക്ഷകൊണ്ടുമാത്രം നിർത്താതെ സ്വർഗ്ഗീയ വാതിൽക്കൽ ലജ്ജകൂടാതെ തുടർച്ചയായി മുട്ടി ഈ “മൂന്നപ്പം”വാങ്ങുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind